# സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

ഗവ.വെൽഫെയർ എൽ.പി. സ്കൂൾ പനയ്ക്കവയൽ

ഉപജില്ല :- കാഞ്ഞിരപ്പള്ളി

ജില്ല :- കോട്ടയം

മെയിൽ ID:- gwlpspanackavayal@gmail.com

# ആമുഖം

## സ്കൂൾ ചരിത്രം

മതസൗഹാർദത്തിന് പേരുകേട്ട ഒരു മേഖലയാണ് എരുമേലി. ഈ എരുമേലി പഞ്ചായത്തിൽ ഉൾപ്പെട്ട പ്രമുഖ വാണിജ്യകേന്ദ്രമായ മുക്കൂട്ടുതറയുടെ സമീപസ്ഥലമാണ് പനയ്ക്കവയൽ. 1124 ാം ആണ്ടിൽ ഒരു താൽക്കാലിക ഷെഡിലാണ് കുടിപ്പള്ളിക്കൂടം ആരംഭിച്ചത്. പിന്നീട് ശ്രീകൃഷ്ണ വിലാസം എൽ.പി സ്കൂൾ സർക്കാർ ഏറ്റെടുക്കുകയും ശേഷം ഗവൺമെന്റ് വെൽഫെയർ എൽ.പി സ്കൂൾ എന്നപേരിൽ അറിയപ്പെടാനും തുടങ്ങി. 1970 കളിൽ ബഹു. ശ്രീ വർഗ്ഗീസ് സാറിന്റെയും ശ്രീമതി അമ്മുച്ചൻ മാസ്റ്ററുടെയും ശ്രമഫലമായാണ് ഇന്നും സൗകര്യങ്ങളോടു കൂടിയ ഒരു വിദ്യാഭ്യാസ സ്ഥാപനമായി ഇതിനെ പടുത്തുയർത്താൻ കഴിഞ്ഞത്.

S.S.A ഫണ്ടുപയോഗിച്ച് നിലവിലുള്ള മനോഹരമായ ഒരു വിദ്യാലയമാക്കി മാറ്റിയത് ബഹു. സലീന ടീച്ചറാണ്. ശിശു സൗഹൃദ കളിയുപകരണങ്ങളും കമ്പ്യൂട്ടർ ലാബും മഴവെള്ള സംഭരണിയും മെച്ചപ്പെട്ട കഞ്ഞിപ്പുരയുമെല്ലാം സ്കൂളിനെ മികവുറ്റതാക്കുന്നു.

സ്റ്റാർസ് വാർഷിക പദ്ധതി 2022-23ൽ ഉൾപ്പെടുത്തി പ്രീ-പ്രൈമറി വിദ്യാലയങ്ങളിൽ കുട്ടികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രവർത്തനയിടങ്ങൾ സജ്ജീകരിക്കുന്നതിനായി സമഗ്ര ശിക്ഷ കേരള (S.S.K) അനുവദിച്ച 10 ലക്ഷം രൂപ പ്രയോജനപ്പെടുത്തി "വർണ്ണക്കൂടാരം" എന്ന സ്വപ്നനേട്ടം കൈവരിച്ചു. 12 പ്രവർത്തന ഇടങ്ങളോടു കൂടി നിർമ്മിച്ച ഈ വർണ്ണ

ആധുനിക കുട്ടികളെ ആകർഷിക്കുന്ന രീതിയിലാണ് നിർമ്മിച്ചിട്ടുള്ളത്. 2023 ഏപ്രിൽ 12 ബുധനാഴ്ച ഇതിന്റെ ഉദ്ഘാടനകർമ്മം നടത്തി. ശ്രീ ആന്റോ ആന്റണി എം.പി.യും അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ യുമാണ് ഉദ്ഘാടനകർമ്മം നിർവഹിച്ചത്. 2011 ലാണ് ഈ പ്രീ-പ്രൈമറി സ്കൂൾ സർക്കാർ അംഗീകരിച്ചത്.

പി.ടി.എ യുടെ സജീവവും മാതൃകാപരവുമായ പ്രവർത്തനത്തിന്റെ ഫലമായി വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ ഏറെ മെച്ചപ്പെടുത്തുവാനായി. കാഞ്ഞിരപ്പള്ളി ഉപജില്ലയിലെ മികച്ച സ്കൂൾ എന്ന ഖ്യാതി നേടിയെടുക്കാനും നമുക്ക് സാധിച്ചു. പാഠ്യ-പാഠ്യേതര രംഗങ്ങളിൽ മികച്ച പ്രകടനമാണ് ഈ വിദ്യാലയം കാഴ്ച വയ്ക്കുന്നത്.

ഏകദേശം 3500 വിദ്യാർത്ഥികൾക്ക് അറിവിന്റെ ആദ്യാക്ഷരം പകർന്നു നൽകിയ ഈ സരസ്വതിക്ഷേത്രം നാടിന്റെ അഭിമാനമായി നിലകൊള്ളുന്നു. അന്യസംസ്ഥാന തൊഴിലാളികളുടെ മക്കൾ 5 പേരാണ് ഈ സ്കൂളിൽ പഠിക്കുന്നത്.

## കൈവരിച്ച ശ്രദ്ധേയമായ നേട്ടങ്ങൾ

പാഠ്യ-പഠ്യേതര പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സ്കൂൾ കലാ-പ്രവൃത്തി പരിചയ മേളകളിലും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ എരുമേലി പഞ്ചായത്തിൽ മികവിന് ഒന്നാംസ്ഥാനം നേടുവാൻ ഈ സ്കൂളിന് സാധിച്ചു. ക്ലേ മോഡലിങ്ങ്, ഗ്രൂപ്പ്സോങ്ങ് ഇവയ്ക്ക് 1-ാം സ്ഥാനവും A grade ഉം 2-ാം സ്ഥാനവും A ഗ്രേഡും ലഭിക്കുകയുണ്ടായി. മുത്തുകൊണ്ടുള്ള നിർമ്മാണം പാവനിർമ്മാണം, മുളകൊണ്ടുള്ള നിർമ്മാണം, ജ്യോമട്രിക്കൽ പാറ്റേൺ, നമ്പർ ചാർട്ട്, സ്റ്റിൽ മോഡൽ ഇവയ്ക്ക് A ഗ്രേഡ് നേടാൻ കഴിഞ്ഞു. കലോത്സവത്തിൽ സംഘഗാനം, മോണോ ആക്ട് തമിഴ് പദ്യം ചൊല്ലൽ, കന്നഡ പ്രസംഗം ശാസ്ത്രീയ സംഗീതം എന്നിവയിൽ ഉന്നത വിജയം കരസ്ഥമാക്കാൻ കഴിഞ്ഞു.

കഴിഞ്ഞ 3 വർഷങ്ങളായി 4-ാം ക്ലാസ്സിലെ കുട്ടികൾ L.S.S സ്കോളർഷിപ്പ് നേടുന്നത് സ്കൂളിന് അഭിമാനാർഹമായ കാര്യമാണ്. നാഷണൽ സയൻസ് ക്വിസ് മത്സരത്തിൽ ഗോഡ്‌വിയ സജിക്ക് A ഗ്രേഡ് ലഭിച്ചു. കുട്ടികളുടെ ശാരീരിക മികവിനായി സ്കൂളിൽ എല്ലാ ചൊവ്വാഴ്ചയും കരാട്ടെ പരിശീലനം നടത്തിവരുന്നു. ഇത് പഞ്ചായത്തുതലത്തിൽ സംഘടിപ്പിച്ച പരിപാടിയാണ്. കൂടാതെ സുംബാ പരിശീലനവും നൽകിവരുന്നു.

എരുമേലി ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ LCD പ്രൊജക്ടർ, കമ്പ്യൂട്ടർ പ്രിന്റർ, മൈക്ക്സെറ്റ് എന്നിവ നമ്മുടെ വിദ്യാലയത്തിന്

ലഭിച്ചു. ലൈബ്രറി നവീകരണത്തിന്റെ ഭാഗമായി എല്ലാ ക്ലാസുകളിലും ക്ലാസ് ലൈബ്രറി ക്രമീകരിച്ചു. കുട്ടികൾക്ക് ഇഷ്ടാനുസരണം പുസ്തകം എടുക്കുവാനും വായിക്കുവാനും ഇത് സഹായകമാണ്.

## പ്രതിസന്ധികൾ

* ഗണിതലാബിന്റെയും സയൻസ്‌ലാബിന്റെയും അഭാവം
* സ്കൂൾ സ്ഥലപരിമിതി
* സ്കൂൾ കെട്ടിട മേൽക്കൂരയുടെ പഴക്കം
* കളിസ്ഥലത്തിന്റെ അഭാവം
* കുട്ടികളുടെ എണ്ണത്തിലുള്ള കുറവ്
* സമീപ ഇംഗ്ലീഷ്മീഡിയം സ്കൂളുകളുടെ അതിപ്രസരം

## കാഴ്ചപ്പാട്

പൊതുവിദ്യാലയത്തിൽ എത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം തുല്യ അവസരങ്ങൾ പ്രദാനം ചെയ്തുകൊണ്ട് ഉറപ്പാക്കുക. ഓരോ കുട്ടിയെ ഓരോ യൂണിറ്റായി കണ്ടുകൊണ്ട് സർവ്വഗുണമേന്മാ വിദ്യാഭ്യാസം നൽകുക എന്നതാണ് നമ്മുടെ ലക്ഷ്യം. അക്കാദമികം ഭൗതികം സാമൂഹികം എന്നുവേണ്ട സമസ്ത മേഖലകളിലും മികച്ചനിലവാരം ഉറപ്പാക്കുക.

## അടിസ്ഥാന വിവരങ്ങൾ

3 കി മി ദൂരത്തിലുള്ള കുട്ടികളാണ് ഈ സ്കൂളിൽ പഠിക്കുന്നത്. പ്രീ-പ്രൈമറിയിലും പ്രൈമറിയിലുമായി 71 കുട്ടികൾ ഈ അധ്യയന വർഷം ഇവിടെ പഠിക്കുന്നുണ്ട്. പ്രീ-പ്രൈമറിയിൽ ഒരു അധ്യാപികയും ഒരു ആയയും ജോലി ചെയ്തുവരുന്നു. പ്രൈമറിയിൽ പ്രധമ അധ്യാപിക ഉൾപ്പെടെ 4 അധ്യാപകരും ജോലിചെയ്യുന്നു. കൂടാതെ ഒരു PTCM ഉണ്ട്. ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമായി മുന്നോട്ടു പോകുന്നതിന് പാചകത്തൊഴിലാളിയുടെ സേവനം ലഭ്യമാണ്.

| ക്ലാസ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | SC | | ST | | OBC | | General | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | B | G | B | G | B | G | B | G |
| പ്രീപ്രൈമറി | 9 | 12 | 21 | 1 | 1 | 1 | 0 | 4 | 3 | 3 | 8 |
| I | 4 | 8 | 12 | 1 | 3 | 0 | 0 | 0 | 2 | 3 | 3 |
| II | 6 | 4 | 10 | 1 | 0 | 0 | 0 | 2 | 2 | 3 | 2 |
| III | 6 | 7 | 13 | 0 | 2 | 0 | 0 | 0 | 3 | 6 | 2 |
| IV | 4 | 11 | 15 | 2 | 5 | 0 | 0 | 0 | 2 | 2 | 4 |

## ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നമ്പർ | PEN | പേര് | തസ്തിക | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|---|
| 1 | 292826 | എലിസബത്ത് പി. വറുഗീസ് | H·M | MA BEd |
| 2 | 793277 | സിനുജോസഫ് | LPSA | BA, TTC, K Tet |
| 3 | 875492 | ഉർവശി. കെ. ആർ | LPSA | BA, TTC, K Tet |
| 4 | | സൗമിയ . വി.കെ | LPSA | |
| 5 | 935345 | അനീഷ് വി.എം | PTCM | SSLC, VHSE |
| 6 | – | രഞ്ജിനി കെ.ആർ | Pre-Primary teacher | B.com ·NTTC |
| 7 | | മിനി T.T | Helper | S.S.LC |
| 8 | | രജനി | COOK | |

# ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നമ്പർ | PEN | പേര് | തസ്തിക | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|---|
| 1 | 292826 | എലിസബത്ത് പി. വറുഗീസ് | H.M | MA BEd |
| 2 | 793277 | സിനു ജോസഫ് | LPSA | BA, TTC, K Tet |
| 3 | 875492 | ഉർവശി. കെ. ആർ | LPSA | BA, TTC, K Tet |
| 4 | | സൗമിയ. പി.കെ | LPSA | |
| 5 | 935345 | അനീഷ് വി.എം | PTCM | SSLC, VHSE |
| 6 | - | രഞ്ജിനി കെ.ആർ | Pre-primary teacher | B.Com. NTTC |
| 7 | | മിനി T.T | Helper | S.S.LC |
| 8 | | രജനി | COOK | |

# പൊതുലക്ഷ്യങ്ങൾ :-

* സമഗ്ര ഗുണമേന്മ വർഷത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും ഭാഷാവിഷയങ്ങളിൽ എഴുതുന്നതിനും വായിക്കുന്നതിനുമുൾപ്പെടെ ആശയ വിനിമയം സാധിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
* ഭാഷേതര വിഷയങ്ങളിൽ അവരുടെ അഭിരുചി വികസിപ്പിക്കുകയും തല്പരരാക്കുകയും ചെയ്യുക.
* ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക.
* നല്ല പാഠം പ്രവർത്തനങ്ങൾ കുട്ടികളിലൂടെ പൊതുസമൂഹത്തിലേക്ക് വ്യാപിപ്പിക്കുക.
* പരിസ്ഥിതി സൗഹൃദ വിദ്യാലയമാക്കി മാറ്റുക.
* വിദ്യാലയത്തിന്റെ അടിസ്ഥാന സൗകര്യ വികസനം പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുക
* കുട്ടികളുടെ കലാ-കായിക- പ്രവൃത്തി പരിചയ മേഖലയിലെ കഴിവുകൾ കണ്ടെത്തി അവ വളർത്താനും വികസിപ്പിക്കാനും പ്രകടിപ്പിക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
* പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കും ഭിന്നശേഷി കുട്ടികൾക്കും പ്രത്യേക പരിഗണന ഉറപ്പാക്കുക.

# അക്കാദമികം

| ഹ്രസ്വകാലം | മധ്യമകാലം | ദീർഘകാലം |
| --- | --- | --- |
| * മലയാളത്തിളക്കം | * ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ | * രചനാശില്പശാല |
| * ശ്രദ്ധ | * പരിസ്ഥിതി സൗഹൃദപ്രവർത്തനങ്ങൾ | * ഇംഗ്ലീഷ് തിയേറ്റർ |
| * ഗണിതം വിജയം | * ലൈബ്രറി ശാക്തീകരണം | * Spoken English |
| * ഹലോ ഇംഗ്ലീഷ് | * ഗണിതകോർണർ | * ഇംഗ്ലീഷ് കാർണിവൽ |
| * വായന കാർഡ് നിർമാണം | * ഗണിതമാഗസിൻ | * ഗണിതലാബ് |
| * സംഖ്യാകാർഡ് നിർമാണം | * പഠനോപകരണ ശില്പശാല | * ഭാഷാ ലാബ് |
| * അഭിമുഖം | * ഭാഷാകേളികൾ | * ഗണിതപാർക്ക് |
| * ഗണിതപാട്ടുകൾ | * അബാക്കസ് പരിശീലനം | * ശാസ്ത്രലാബ് |
| * ഗണിതപസിൽ | * സാഹിത്യസമാജം | * സാഹിത്യ-സാംസ്കാരിക ചിത്രഗ്യാലറി |
| * കലണ്ടർ നിർമാണം | * വിദ്യാരംഗം പ്രവർത്തനങ്ങൾ | * ഇ-വായന |
| * ദിനാചരണങ്ങൾ | * നല്ലപാഠം പ്രവർത്തനങ്ങൾ | * സ്കൂൾ പത്രം |
| * ഒറിഗാമി ശില്പശാല | | * പ്രാദേശിക ചരിത്ര രചന |
| * മെഡിക്കൽ ക്യാമ്പുകൾ | | |

| | | |
|---|---|---|
| * മോറൽ ക്ലാസുകൾ | * ചുവർപത്രിക | * പ്രാദേശിക വിഭവ ഭൂപട നിർമ്മാണം. |
| * ദിനാഘോഷ ദിനാചരണം. | * പച്ചക്കറിത്തോട്ടം. | * പഠനയാത്ര |
| * വിവിധ ഭാഷകളിലൂടെ അസംബ്ലി | * Field trip | * ശുചിത്വ സുന്ദരവിദ്യാലയം |
| * Day Day | * കൊളാഷ് നിർമ്മാണം. | * സർഗോത്സവം. |
| * പോഷകാഹാര പരിപാടി | * വാനനിരീക്ഷണം. | * ദിനാഘോഷ കാർക്ക് പ്രത്യേക ക്ലാസ് റൂം. |
| | * യോഗ, കരാട്ടെ പരിശീലനം | * ടാലന്റ് ലാബ് |
| | * പാവനാടകം. | |
| | * സയൻസ് കോർണർ | |
| | * അഭിനയകളരി | |
| | * പ്രവർത്തിപരിചയ പഠനം | |
| | * കലാ കായിക പഠനം | |

# ഭൗതികം

| ഹ്രസ്വകാലം | മധ്യമകാലം | ദീർഘകാലം |
| --- | --- | --- |
| * പച്ചക്കറിത്തോട്ടം<br>* മഴക്കുഴി നിർമ്മാണം | * കമ്പോസ്റ്റ് നിർമ്മാണം.<br>* ഔഷധത്തോട്ടം.<br>* | * ജൈവവൈവിധ്യ പാർക്ക്<br>* സ്മാർട്ട് ക്ലാസ് റൂം.<br>* കളിസ്ഥലം നവീകരിക്കൽ<br>* അടിസ്ഥാന സൗകര്യവികസനം.<br>* ലാബുകൾ<br>* ശലഭോദ്യാന നിർമ്മാണം.<br>* ലൈബ്രറി ശാക്തീകരണം |

# സാമൂഹികം

| ഹ്രസ്വകാലം | മധ്യമകാലം | ദീർഘകാലം |
|---|---|---|
| * വായനശാല സന്ദർശനം<br>* ഓണസദ്യ<br>* പൂർവ്വ അദ്ധ്യാപക വിദ്യാർത്ഥി സംഗമം<br>* കർഷകദിനം ആചരിക്കൽ<br>* ദിനാചരണങ്ങൾ | * പ്രാദേശിക പഠനയാത്ര<br>* നവമാധ്യമങ്ങളുടെ ഉപയോഗം. | * പരിസ്ഥിതി സൗഹൃദവിദ്യാലയം<br>* Drugs Free Campus<br>* [illegible] |

## മലയാളം

വായിച്ചുവളരുക ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഈ വർഷം കുട്ടികളെ പുസ്തകങ്ങളുടെ കൂട്ടുകാരാക്കി മാറ്റുകയാണ്.

### ലക്ഷ്യങ്ങൾ

* എല്ലാവർക്കും എഴുത്തും വായനയും
* വായനക്കൂട്ടം എഴുത്ത് കൂട്ടം
* അമ്മവായന
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
* ഗ്രന്ഥശാല അംഗത്വം
* ക്ലാസ്സ്‌സഭ സ്കൂൾസഭ, സർഗ്ഗവേള
* വായനയുടെ വിവിധതലങ്ങൾ പരിചയപ്പെടൽ
* ലൈബ്രറി സന്ദർശനം
* ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
* വായന സാമഗ്രികൾ കണ്ടെത്തുക വികസിപ്പിക്കുക
* എഴുത്തും വായനയും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
* ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.

* എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക
* ഇൻലന്റ് മാഗസിൻ, ചുമർ മാസികകൾ എന്നിവയുടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക
* സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
* ഭാഷയുമായി ബന്ധപ്പെട്ട CD, ICT, LCD പ്രൊജക്ടർ സാധ്യത എന്നിവ സജ്ജീകരിക്കൽ
* പുസ്തക പരിചയക്കുറിപ്പ് തയ്യാറാക്കൽ
* സർഗ്ഗാത്മകത വികസിപ്പിക്കുന്ന ഡയറിയെഴുത്ത്

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ-ടെസ്റ്റ് | ജൂൺ- മാർച്ച് | അധ്യാപകർ | |
| | | 2 അക്ഷരം ഉറപ്പിക്കൽ | | | |
| | | 3. അടയാളം ഉറപ്പിക്കൽ | " | " | |
| | | 4. അക്ഷരക്കാർഡ് നൽകൽ | " | " | 100/- |
| | | 5. വാക്കുകൾ എഴുതിയ കാർഡ് | " | | |
| | | 6 വാക്കുകൾ നിർമ്മിക്കുക | | " | |
| | | 7 വാക്യങ്ങൾ നിർമ്മിക്കുക | " | | |
| | | 8 ചിത്രം- അടിക്കുറിപ്പ് | | " | |
| | | 9 ചിത്രം - കഥപറയൽ | | | |
| | | 10 ചിത്രം - കഥ എഴുതൽ | " | | |
| | | 11. കഥ ബാക്കിയെഴുതൽ | | | |
| | | 12 കഥാപുസ്തകം നൽകൽ | " | " | 200/- |
| | | 13. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | " | PTA | 100/- |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1 ക്ലാസ് വായനക്കൂട്ടം | ഒന്നാം വർഷം | അധ്യാപകർ | |
| | | 2. വായനമൂല | | P.T. A | |
| | | 3. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ | | PT.A | 2000/- |
| | | 4. സ്കൂൾ ലൈബ്രറി നവീകരിക്കൽ | ഒക്ടോബർ | PTA | 1000/- |

| | | | | | |
|---|---|---|---|---|---|
| | | 5 ജന്മദിന പുസ്തകം | ജന്മദിനങ്ങളിൽ മാത്രം | PTA | |
| | | 6 സമീപ ഗ്രന്ഥശാല അംഗത്വം | പ്രതിവർഷം | PTA | |
| | | 7. വായനോത്സവം സംഘടിപ്പിക്കൽ | പ്രതിമാസം | അധ്യാപകർ | |
| | | 8. പത്രവായന | പ്രതിദിനം | " | |
| | | 9 അമ്മവായന | പ്രതിമാസം | " | |
| | | 10 പുസ്തകചർച്ച | ടേമിൽ ഒന്ന് | " | |
| | | 11 വായനാനുഭവം പങ്കുവയ്ക്കൽ | | | |
| | | 12 വായനക്കുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒന്ന് | PTA | 500/- |
| | | 13 വിദ്യാരംഗം കലാ സാഹിത്യവേദി പ്രവർത്തനം | | | |
| | | കടങ്കഥ, പഴഞ്ചൊല്ല് നാടൻപാട്ട് | പ്രതിമാസം | PTA | 200/- |
| | | 14 സാഹിത്യസമാജം (സർഗവേള) | | | |
| | | 15 ദിനാചരണങ്ങൾ | | | |
| | | 16 സാഹിത്യകാരന്മാരുമായി അഭിമുഖം | പ്രതിവർഷം | P.T.A | 1000/ |
| | | 17 ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും | | | |
| | | 18 ആസ്വാദ്യകരമായ വായന | | | |
| | | 19 ഇ-വായന | പ്രതിവാരം | അധ്യാപകർ | കമ്പ്യൂട്ടർ |
| | | 20 നാടിനെ അറിയാം പാട്ടുകളിലൂടെ | | | |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (പുസ്തക പരിചയക്കുറിപ്പ്) | 1 എഴുത്തുകൂട്ട രൂപീകരണം | വർഷാരംഭം | അധ്യാപകർ | |
| | | 2 പുസ്തക ചർച്ച | " | | |
| | | 3 ക്ലാസ് ലൈബ്രറി | | | |
| | | 4 വായനക്കുറിപ്പ് പതിപ്പ് | പ്രതിവാരം | | |
| | | 5 സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം | പ്രതിദിനം | | |
| | | 6 വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ | | | |
| | | 7 മാഗസിൻ, ചുമർ പത്രിക | ടേമിൽ 1 | PTA | 500/- |
| | | 8 കൈയ്യെഴുത്തുമാസിക തയ്യാറാക്കൽ | പ്രതിവർഷം | " | 1000/- |
| | | 9 എഴുത്തുകൂട്ടം മോണിറ്ററിംഗ് | | | |
| | | 10 വായനക്കുറിപ്പ് ആസ്വാദനക്കുറിപ്പ് | | | |
| | | 11 പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ് | | | |
| | | 12 രചനാശില്പശാല | പ്രതിവർഷം | PTA | 1000/- |
| | | 13 സാഹിത്യകാരന്മാരുമായുള്ള സംവാദം | പ്രതിവർഷം | PTA | 500/- |
| | | 14 രചയിതാക്കളെ പരിചയപ്പെടൽ | | | |
| | | 15 സാഹിത്യ-സാംസ്കാരിക ചിത്ര പ്രദർശനം | | | |

| | | | | | |
|---|---|---|---|---|---|
| 4 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പരിഗണിക്കൽ | 1) ഭിന്നശേഷിക്കാരെ പരിഗണിക്കൽ<br>2) അവരുടെ ശേഷിയെ കൂടി മാനിച്ച് മറ്റുള്ളവർ പഠിക്കാനുള്ള പ്രവർത്തനമൊരുക്കൽ<br>3 ദിനാചരണം<br>4 പ്രത്യേക പരിശീലന ക്ലാസുകൾ | ടേമിൽ ഒന്ന് | P.TA<br>BRC<br>IEDC | 500/- |
| 5 | പത്രവായന പ്രോത്സാഹിപ്പിക്കൽ | 1) രണ്ട് പത്രം വീതം സ്കൂളിൽ എത്തിക്കൽ<br>2. ദിവസവും വായിച്ച് ബുക്കിൽ കുറിക്കൽ<br>3. അസംബ്ലിയിൽ വാർത്താവായന | ദിനംതോറും | പൊതു സമൂഹം<br>P.TA | |

# ENGLISH

ലക്ഷ്യങ്ങൾ :-

* എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും, സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ
* പാഠ്യപദ്ധതി ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുന്നതിന് സഹായിക്കുക
* ഇംഗ്ലീഷ് ഭാഷയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ട പഠനപിന്തുണ ഉറപ്പാക്കൽ
* ലോകഭാഷയെന്ന നിലയിൽ വായനയിലൂടെ അറിവ് സ്വാംശീകരിക്കുന്നതിനുള്ള ഉപാധിയെന്ന നിലയിൽ ഇംഗ്ലീഷ് ഭാഷയിൽ കഴിവ് നേടുക.
* മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക
* ഇംഗ്ലീഷ് ഭാഷയോട് താല്പര്യം ഉറപ്പാക്കൽ

# പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഇംഗ്ലീഷ് അക്ഷരങ്ങൾ എല്ലാവരിലും ഉറപ്പിക്കൽ (ശദ്ധ) | 1. Pre Test<br>2. English letter cards<br>3. English ചദക്കാർഡുകൾ<br>4. Picture cards<br>5. Word web<br>6. Memory Test | June ↓ March | അധ്യാപകർ<br>"<br>" | – |
| 2. | ഇംഗ്ലീഷ് ഭാഷയോട് കുട്ടികളിൽ താല്പര്യം ഉണ്ടാക്കൽ | 7. ഇംഗ്ലീഷ് അന്തരീക്ഷം ക്ലാസിൽ സൃഷ്ടിക്കുക<br>8. Action Songs<br>9. Language games<br>10. English Puzzles<br>11. Riddles<br>12. English Stories & Rhymes | ഇതി- വാരം<br>" | അധ്യാപകർ<br>"<br>" | |

| | | | | | |
|---|---|---|---|---|---|
| 3. | ശരിയായ ഉച്ചാരണത്തോടെ ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി സംസാരിക്കുന്നതിനുള്ള ശേഷി കൈവരിക്കൽ (Communicative English) | 13. Classroom speaking<br>14. English Assembly<br>15. Spoken English<br>16. English day | ജൂലൈ - മാർച്ച്<br>" | അധ്യാപകർ<br>" | |
| 4. | കുട്ടികളെ ഇംഗ്ലീഷ് വായനയിൽ തല്പരരാക്കൽ (Reading) | 17. ചിത്രക്കാർഡുകൾ<br>18. വായനാകാർഡുകൾ<br>19 Reading Corner<br>20. Class Library<br>21. News Reading<br>22. E- വായന | ജൂലൈ മാർച്ച്<br>" | അധ്യാപകർ<br>" | |
| 5 | ഇംഗ്ലീഷ് ഭാഷ ശരിയായ രീതിയിൽ എഴുതുന്നതിനുള്ള ശേഷി കൈവരിക്കൽ (writing) | 23. വായനാകാർഡ് നിർമ്മാണം<br>24. Word-web<br>25. English Diary<br>26. Story writing<br>27 Poster, Placards | ജൂലൈ മാർച്ച്<br>" | അധ്യാപകർ<br>" | |

| | | | | | |
|---|---|---|---|---|---|
| 6. | കുട്ടികളിലെ ഇംഗ്ലീഷ് ഭാഷാവിജ്ഞാന കഴിവ് വർധിപ്പിക്കൽ | 28. English Test<br>29. SuperMarket<br>30. Cookery show<br>31. English Carnival | Febaury March<br>4 | അധ്യാപകർ | |

# ഗണിതം

## ഗണിതം മധുരമാക്കൽ

ഗണിത പഠനം നിത്യജീവിതത്തിൽ അത്യന്താപേക്ഷിതമായ ഒരു വിഷയമാണ്. എല്ലാ കുട്ടികളിലും ഗണിത താത്പര്യം വർദ്ധിപ്പിക്കുക, വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പഠനാനുഭവങ്ങൾ നൽകി അവരെ മുൻനിരയിലേക്ക് എത്തിച്ച് വിദ്യാലയത്തെ ഒരു ഗണിത ഒരു ഗണിത പ്രപഞ്ചമാക്കി മാറുക. കുട്ടികളിൽ ഗണിതപരമായ എല്ലാ ശേഷികളും നേടുവാൻ, അവരെ പ്രാപ്തരാക്കി തീർക്കുവാൻ സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പരിപാടിയിലൂടെ ലക്ഷ്യം വെക്കുന്നു. കുട്ടികളിലുള്ള എല്ലാ കഴിവുകളെയും പ്രോത്സാഹിപ്പിക്കുവാൻ ഉതകുന്ന പ്രവർത്തനങ്ങളിലൂടെ കഴിയുന്നു.

## ലക്ഷ്യങ്ങൾ

* ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ
* ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ
* 1 to 4 വരെയുള്ള കുട്ടികളിൽ സംഖ്യാബോധം, ചതുഷ്ക്രിയകൾ ഇവ ഉറപ്പിക്കൽ
* ഗണിത പഠനത്തിൽ താല്പര്യം വളർത്തൽ
* ഗണിതവുമായി ബന്ധപ്പെട്ട ICT സാധ്യത സജ്ജമാക്കൽ
* ഗണിത പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി നേതൃമുറപ്പിക്കുന്നതിന് ചെയ്യുന്നതിന് ഓരോ ക്ലാസിലും ഒരുക്കൽ Maths corner
* ഗണിത പ്രവർത്തനഫലമായി ക്ലാസ്റൂമുകളിൽ കുട്ടികൾ രൂപീകരിക്കുന്ന പസിലുകൾ, ചോദ്യങ്ങൾ മാന്ത്രിക ചതുരങ്ങൾ ഇവ ഉൾപ്പെടുത്തി ഗണിത പതിപ്പുകൾ മാഗസിനുകൾ തയ്യാറാക്കി ഗണിത പഠനത്തെ പ്രോത്സാഹിപ്പിക്കുക.
* ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
* ഭിന്നശേഷിക്കാരെ പരിഗണിക്കത്തക്ക രീതിയിലുള്ള പഠനപ്രവർത്തനങ്ങൾ (ഭിന്നശേഷിക്കാരുടെ സർഗാത്മകത വളർത്തുക)

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപരമായി വ്യത്യസ്ത വിജ്ഞാനം പരിശോധിക്കൽ | ആശയങ്ങൾ പഠിതാക്കളിലുണ്ടോ Pre-Test ചോദ്യങ്ങൾ ഉപയോഗിക്കൽ, തിരിച്ചറിയൽ | ജൂൺ-ആഗസ്റ്റ് (പ്രതിദിനം) | ഗണിതാധ്യാപകൻ, SRG | 200/ |
| ഒന്നു മുതൽ 4 വരെയുള്ള കുട്ടികളിൽ സംഖ്യാബോധം, ചതുഷ്ക്രിയകൾ ഇവ ഉറപ്പിക്കൽ | അബാക്കസ്, സംഖ്യാ കിറ്റുകൾ, സംഖ്യാ കാർഡുകൾ എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | ജൂൺ-ആഗസ്റ്റ് | ഗണിതാധ്യാപകൻ, S.R.G | 500/ |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കാൻ ഉപകരണങ്ങൾ, ചാർട്ടുകൾ ശേഖരിക്കൽ | വിവിധ തരം ആശയങ്ങളിലൂടെയും കളികളിലൂടെയും ദൈനംദിനാനുഭവങ്ങളുമായി ബന്ധപ്പെടുത്തി ഗണിത പഠനം സുഗമമാക്കുക | ജൂൺ-ഡിസംബർ | ഗണിതാധ്യാപകൻ SRG | 100/ |
| ഗണിതവുമായി ബന്ധപ്പെട്ട് ICT സാധ്യത സജ്ജമാക്കൽ | ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പഠനം | ജൂൺ-മാർച്ച് | ഗണിതാധ്യാപകൻ SRG | 1000/ |

| | | | | |
|---|---|---|---|---|
| ഭിന്നശേഷിക്കാരെ പരിഗണിച്ചുള്ള പഠനപ്രവർത്തനങ്ങൾ | ഗണിതപരമായി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനൊപ്പം ഭിന്നശേഷിക്കാരെ പരിഗണിച്ചുള്ള പഠനപ്രവർത്തനങ്ങൾ | ജൂൺ- മാർച്ച് | ഗണിതാധ്യാപകർ SRG | 300/ |
| ഗണിത പഠനം രസകരമാക്കുവാൻ കരചലന ശേഷികളുടെ വികാസം | ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിന് ഉള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കൽ | ജൂൺ- മാർച്ച് | ഗണിതാധ്യാപകർ SRG | 500/ |
| ഗണിത പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പിക്കുന്നതിനും ഓരോ ക്ലാസിലും Maths corner | Maths corner ൽ ഉൾപ്പെടുത്തേണ്ട പാഠപുസ്തകങ്ങൾ, ഗണിത പഠന സാമഗ്രികൾ, മറ്റിവ ശേഖരിക്കൽ, സജ്ജമാക്കൽ | ജനുവരി | ഗണിതാധ്യാപകർ SRG SMC | 3000/ |
| ഗണിത പഠന പ്രവർത്തനം ഫലപ്രദമായി ക്ലാസ് റൂമുകളിൽ കുട്ടികൾ രൂപീകരിക്കുന്ന പസിലുകൾ, പാറ്റേണുകൾ, മാന്ത്രിക ചതുരങ്ങൾ ഇവ ഉൾപ്പെടുത്തി പതിപ്പ്, മാഗസിൻ തയ്യാറാക്കൽ | പതിപ്പ്, മാഗസിൻ തയ്യാറാക്കൽ | ജനുവരി | ഗണിതാധ്യാപകർ, രക്ഷാകർത്താക്കൾ, SRG | 3000/ |

മേഖല : അക്കാദമികം

ഉപമേഖല: പരിസര പഠനം

ലക്ഷ്യങ്ങൾ

1. ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടമുറപ്പാക്കുന്നതിനും എല്ലാ ക്ലാസ്സിലും ശാസ്ത്രമൂല ഉറപ്പാക്കൽ

2. ദിനാചരണങ്ങൾ പ്രവർത്തനാധിഷ്ഠിത പരിപാടികളാക്കി പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി പഠന നേട്ടങ്ങൾ നേടാൻ പ്രാപ്തമാക്കുക.

3. കൃഷിയോട് ആഭിമുഖ്യം ഉണ്ടാക്കുക

4. കുട്ടികളിൽ ശാസ്ത്ര കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക

5. പരിസ്ഥിതി സംരക്ഷണ യജ്ഞത്തിൽ കുട്ടികളെ പങ്കാളികളാക്കുക

6. ഓരോ തൊഴിലിനും അതിന്റേതായ മഹത്വമുണ്ടെന്ന് തിരിച്ചറിഞ്ഞ് ജീവിക്കാനുള്ള മനോഭാവം കുട്ടികളിൽ ഉണ്ടാക്കിയെടുക്കുക

7. കുട്ടികളിൽ ദേശസ്നേഹം, ദേശാഭിമാനം എന്നിവ വളർത്തിയെടുക്കുക.

8. ബഹിരാകാശ ശാസ്ത്രത്തിൽ താൽപര്യം വളർത്തിയെടുക്കുക

9. വിവര വിനിമയ രംഗത്തുണ്ടായ മാറ്റങ്ങൾ കുട്ടികൾ തിരിച്ചറിയുന്നതിനും തനിക്കും സമൂഹത്തിനും

പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കുവാനും.
കുട്ടിയെ പ്രാപ്തനാക്കുക

10 കുട്ടികൾ അവർ ജീവിക്കുന്ന നാടിനെ സമഗ്രമായി മനസ്സിലാക്കുക.

# പ്രവർത്തന കലണ്ടർ

| | ലക്ഷ്യം | | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | ഒന്നു മുതൽ നാലുവരെ ക്ലാസുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്രമൂല ഉറപ്പാക്കൽ | 1 | മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യ വാരം | ക്ലാസ് ടീച്ചർ | |
| | | 2 | തരം തിരിക്കൽ പ്രിന്റ് തയ്യാറാക്കൽ | ജൂലൈ | അധ്യാപകർ, S.R.G. | DT.P. 60/-രൂ |
| | | 3 | സാമഗ്രികൾ വാങ്ങൽ | ആഗസ്റ്റ് | H.M; S.R.G കൺവീനർ | 3000/- |
| | | 4 | പി.ടി.എ. യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച അവതരണം | ആഗസ്റ്റ് | പി.ടി.എ. S.R.G; H.M. | |
| | | 5 | നിർമ്മാണ ശില്പശാല | | പി.ടി.എ, H.M. അധ്യാപകർ | 3000/- |
| | | 6 | ശാസ്ത്രമൂല ക്രമീകരിക്കുവാനുള്ള സംവിധാനം | | | |
| | | 7 | ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ വാങ്ങൽ | | ക്ലാസ് അധ്യാപകർ H.M., P.T.A. | 3000/- |
| 2 | ദിനാചരണങ്ങൾ പ്രവർത്തനാധിഷ്ഠിത പരിപാടികളാക്കി പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി പഠനനേട്ടങ്ങൾ നേടാൻ പ്രാപ്തമാക്കൽ | 8 | മുളകൊയ്ത്തുത്സവം | വർഷത്തിൽ ഒന്ന് | P.T.A. | 3000/- |
| | | 9 | വേനൽപ്പച്ച | വർഷം തോറും | P.T.A | |
| | | 10 | ശേഖരണം | മാസം തോറും | അധ്യാപകർ രക്ഷിതാക്കൾ | |
| | | 11 | പരിചയപ്പെടൽ | വർഷം തോറും | P.T.A ക്ലാസ് അധ്യാപകർ | |
| | | 12 | കലണ്ടർ | മാസത്തിലൊന്ന് | | |
| | | 13 | സെമിനാർ നടത്തൽ | മാസത്തിലൊന്ന് | S.R.G. കൺവീനർ | |

| ലക്ഷ്യം | | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | 14 | പ്രോജക്ട് റിപ്പോർട്ട് | മൂന്നു മാസം | P.T.A | |
| | 15 | അഭിമുഖം | ഒരു മാസം | P.T.A | |
| | 16 | നിവേദനങ്ങൾ തയ്യാറാക്കൽ | മൂന്നു മാസം | P.T.A, | |
| | 17 | പത്രവാർത്ത തയ്യാറാക്കൽ | ദിവസം തോറും | അധ്യാപകർ | |
| | 18 | നോട്ടീസ് തയ്യാറാക്കൽ | എല്ലാ മാസവും | അധ്യാപകർ | |
| | 19 | പോസ്റ്റർ തയ്യാറാക്കുക | മാസത്തിലൊന്ന് | അധ്യാപകർ | |
| | 20 | പത്രം തയ്യാറാക്കുക | ആഴ്ചയിലൊന്ന് | അധ്യാപകർ | |
| | | ലിസ്റ്റ് തയ്യാറാക്കൽ | | അധ്യാപകർ | |
| 3 കൃഷിയോട് ആഭിമുഖ്യം ഉണ്ടാക്കുക. | 21 | സസ്യങ്ങൾ നടീൽ | മൂന്നു മാസം | P.T.A. പഞ്ചായത്ത് | |
| | 22 | കുറിപ്പ് തയ്യാറാക്കൽ | ദിനം തോറും | അധ്യാപകർ | |
| | 23 | വീട്ടിലും പച്ചക്കറി | വർഷം തോറും | P.T.A; പഞ്ചായത്ത് | |
| | 24 | വിദഗ്ധരുമായി ആശയ വിനിമയം | മൂന്നു മാസം | അധ്യാപകർ | |
| | 25 | പഴഞ്ചൊല്ലുകൾ | ഒരു മാസം | രക്ഷിതാക്കൾ | |
| | 26 | ഫീൽഡ് ട്രിപ്പ് | മാസത്തിലൊരിക്കൽ | അധ്യാപകർ | 500/- |
| | 27 | ജലസേചനം | 6 - 7 മാസം | P.T.A | |
| | 28 | വിത്തു ശേഖരണം | 6 - 7 മാസം | P.T.A. അധ്യാപകർ | |
| | 29 | ഇല ചിത്രങ്ങൾ | ഒരു മാസം | P.T.A. | |
| | 30 | ഒരു കുട്ടിക്ക് ഒരു സസ്യം | വർഷം തോറും | പഞ്ചായത്ത് | |
| | 31 | പ്രകൃതി പഠനക്യാമ്പ് | വർഷത്തിലൊന്ന് | P.T.A | 5000/- |

| ലക്ഷ്യം | | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | 32 | ജൻമദിന മരം | വർഷത്തിലൊന്ന് | P.T.A. | |
| 4 കുട്ടികളിൽ ശാസ്ത്ര കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | 33 | ശാസ്ത്ര യാത്രകൾ | 5-6 മാസം | അധ്യാപകർ, HM | 1500 |
| | 34 | പുരാവസ്തു പ്രദർശനം | വർഷത്തിലൊന്ന് | പഞ്ചായത്ത് | 1000/- |
| | 35 | മേളകൾ | II nd Term | P.T.A. | |
| | 36 | ശാസ്ത്ര ക്ലാസ്സുകൾ | ആറ് മാസം | H.M | |
| | 37 | പതിപ്പ് നിർമ്മാണം | മാസത്തിലൊന്ന് | അധ്യാപകർ | |
| | 38 | ക്വിസ് മത്സരങ്ങൾ | മാസത്തിലൊന്ന് | S.R.G. | |
| 5 പരിസ്ഥിതി സംരക്ഷണത്തിൽ കുട്ടികളെ പങ്കാളികളാക്കുക, സുന്ദര ശുചിത്വ പരിസരം | 39 | പൂന്തോട്ടം | ഒരു വർഷം | ക്ലാസ്സ് അധ്യാപകർ | |
| | 40 | കുട്ടികളുടെ പാർക്ക് | മൂന്നു വർഷം | P.T.A | |
| | 41 | ചുറ്റുമതിൽ | ഒരു വർഷം | പഞ്ചായത്ത് | 10,000 |
| | 42 | മാലിന്യ ശേഖരണ സംസ്കരണ സംവിധാനം | മാസത്തിലൊന്ന് | പഞ്ചായത്ത് | |
| | 43 | മാലിന്യ നിർമ്മാർജ്ജനം | വർഷത്തിലൊന്ന് | P.T.A. | |
| | 44 | ഇ-മാലിന്യ ശേഖരണം | മാസത്തിലൊന്ന് | P.T.A. | |
| | 45 | വീഡിയോ പ്രദർശനം | 5-6 മാസം | S.R.G | |
| | 46 | നിരീക്ഷണം, വിവര ശേഖരണം | 3 മാസം | S.R.G | |
| | 47 | പ്രോജക്ട് | 3 മാസം | S.R.G | |
| | 48 | ചുമർ പത്രിക നിർമ്മാണം | മാസത്തിലൊന്ന് | S.R.G. | |

| ലക്ഷ്യം | | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | 49 | സെമിനാർ | മൂന്ന് മാസത്തിലൊന്ന് | H.M | |
| | 50 | ബോധവത്ക്കരണ ക്ലാസുകൾ | മൂന്ന് മാസം | H.M | |
| | 51 | പ്ലക്കാർഡ് / പോസ്റ്റർ നിർമ്മാണം | എല്ലാ മാസവും | അധ്യാപകർ | |
| | 52 | ഡ്രൈ ഡേ ആചരണം | എല്ലാ ആഴ്ചയും | P.T.A. അധ്യാപകർ | |
| | 53 | വേസ്റ്റ്ബിൻ നിർമ്മാണം | 1 വർഷം | കുടുംബശ്രീ | 5000/- |
| | 54 | ശുചിത്വ സേന | ആഴ്ച തോറും | P.T.A | |
| | 55 | പരിസ്ഥിതി ക്ലബ്ബ് | ആഴ്ച തോറും | S.R.G. | |
| 6. ഓരോ തൊഴിലിനും അതിന്റേതായ മഹത്വമുണ്ടെന്ന് തിരിച്ചറിഞ്ഞ് ജീവിക്കാനുള്ള മനോഭാവം കുട്ടികളിൽ ഉണ്ടാക്കിയെടുക്കുക | 56 | ലിസ്റ്റ് തയ്യാറാക്കൽ | ആറ് മാസം | S.R.G | |
| | 57 | തൊഴിൽ സർവെ | ആറ് മാസം | S.R.G. | |
| | 58 | ചിത്രവായന | 3 മാസം | അധ്യാപകർ | |
| | 59 | വീഡിയോ | 3 മാസം | S.R.G. | |
| | 60 | ഫീൽഡ് ട്രിപ്പ് | 6 മാസം | S.R.G. | 2500/- |
| | 61 | പഴയകാല ഉപകരണങ്ങൾ | ആറ് മാസം | P.T.A | |
| | 62 | ശേഖരണം | 6 മാസം | P.T.A. | 500/- |
| | 63 | പട്ടിക തയ്യാറാക്കൽ | 6 മാസം | അധ്യാപകർ | |
| | 64 | ആൽബം | 6 മാസം | P.T.A. | 500/- |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 7. | കുട്ടികളിൽ ദേശസ്നേഹം, ദേശാഭിമാനം എന്നിവ വളർത്തിയെടുക്കുക | വാർത്താ കൊളാഷ് | മൂന്ന് മാസം | അധ്യാപിക | |
| | | മുദ്രാവാക്യങ്ങൾ | മാസത്തിലൊന്ന് | P.T.A | |
| | | ICT | പാഠത്തിനനുസരിച്ച് | അധ്യാപകർ | |
| | | അഭിമുഖം | പാഠസന്ദർഭത്തിൽ | അധ്യാപകർ | |
| | | ജീവചരിത്രം ശേഖരിക്കൽ | മൂന്നു മാസം | P.T.A | |
| | | സ്വാതന്ത്ര്യ സമര ഗാനങ്ങൾ ശേഖരിക്കൽ | മൂന്നു മാസം | P.T.A | |
| | | ദേശീയപതാക നിർമ്മാണം | പാഠത്തിനനുസരിച്ച് | P.T.A | |
| | | ക്വിസ് മത്സരങ്ങൾ | മാസത്തിലൊന്ന് | SRG | |
| | | ദിനാചരണം | ദിനംതോറും | S.R.G | |
| | | പട്ടികപ്പെടുത്തൽ | പാഠത്തിന് | അധ്യാപകർ | |
| | | ആൽബം | മൂന്ന് മാസം | SRG. | |
| 8 | കുട്ടികൾ ബഹിരാകാശ ശാസ്ത്രത്തിൽ താൽപര്യം കാണിക്കുന്നതിന്. | ലഘു പരീക്ഷണങ്ങൾ | എല്ലാ ആഴ്ചയിൽ | അധ്യാപകർ | |
| | | ICT | ആഴ്ച തോറും | S.R.G. | |
| | | ആകാശ നിരീക്ഷണം | പാഠത്തിന് | അധ്യാപകർ | |
| | | കലണ്ടർ വായന | മാസത്തിലൊന്ന് | അധ്യാപിക | |
| | | ചിത്ര ശേഖരണം | രണ്ട് മാസം | P.T.A | |
| | | ക്വിസ് മത്സരങ്ങൾ | മാസം ഒന്ന് | അധ്യാപകർ | |
| | | ദിനാചരണം | പ്രാധാന്യമനുസരിച്ച് | P.T.A | |

| | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 9 | വിവര വിനിമയ രംഗത്തുണ്ടായ മാറ്റങ്ങൾ കുട്ടികൾ തിരിച്ചറിയുന്നതിനും തന്നിരുത്തം സമൂഹത്തിനും പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കുവാനും കുട്ടിയെ പ്രാപ്തനാക്കുക | വായനാക്കുറിപ്പ് | പാഠത്തിനനുസരിച്ച് | അധ്യാപിക | |
| | | ചിത്രങ്ങൾ | ഒരു മാസം | P.T.A | |
| | | സ്റ്റാമ്പ് ശേഖരണം, പ്രദർശനം | 6 മാസം | P.T.A | 300/- |
| | | ഫീൽഡ് ട്രിപ്പ് | വർഷത്തിലൊന്ന് | H.M. | 1000/- |
| | | ICT | 3 മാസം | S.R.G. | |
| | | ഇന്റർനെറ്റ് | 3 മാസം | H.M | |
| | | ചിത്രശേഖരണം | പാഠത്തിനനുസരിച്ച് | P.T.A | |
| | | അഭിമുഖം നടത്തൽ | സന്ദർഭം നോക്കി | P.T.A | |
| | | കത്തുകൾ അയയ്ക്കൽ | 1 മാസം | അധ്യാപിക | |
| | | വാർത്താ വായന | ആഴ്ച തോറും | അധ്യാപിക | |
| | | ഇ - ലേണിംഗ് | ദിനം തോറും | അധ്യാപിക | |
| 10 | കുട്ടികൾ അവർ ജീവിക്കുന്ന നാടിനെ സമഗ്രമായി മനസ്സിലാക്കുക | വിവരശേഖരണം | ഒരു മാസം | ജനപ്രതിനിധികൾ PTA | |
| | | അഭിമുഖം | 2 മാസം | P.T.A. | |
| | | പ്രാദേശിക ചരിത്ര രചന | 6 മാസം | P.T.A. പഞ്ചായത്ത് | |
| | | ഫീൽഡ്ട്രിപ്പ് | 6 മാസം | S.R.G. | |
| | | ചിത്ര ശേഖരണം | 6 മാസം | അധ്യാപകർ | |
| | | അഭിമുഖം | 6 മാസം | അധ്യാപകർ | |
| | | പ്രാദേശിക വിഭവ ഭൂപട നിർമ്മാണം | അഞ്ച് മാസം | S.M.C | |
| | | കേരള ഭൂപട നിർമ്മാണം | 6 മാസം | P.T.A. | |
| | | ഇന്ത്യ ഭൂപടം | ഒരു വർഷം | S.R.G. | |
| | | നാണയ ശേഖരണം | 8 മാസം | P.T.A | 1000 |

# ഉപസംഹാരം . . .

സമഗ്ര ഗുണമേന്മ വർഷത്തിൽ പാഠ്യപദ്ധതികളിലും, മൂല്യനിർണയരീതികളിലും വരുത്തിയ മാറ്റങ്ങൾക്കനുസൃതമായി, വിദ്യാലയത്തിന്റെ ഭൗതികമായ മാറ്റങ്ങൾക്കും അക്കാദമിക നിലവാരം മെച്ചപ്പെടുന്നതിനനുയോജ്യ പ്രവർത്തനപദ്ധതികൾ ഉൾപ്പെടുത്തിയാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഹ്രസ്വകാലം, ഇടക്കാലം, ദീർഘകാലം എന്നിങ്ങനെ 3 ഘട്ടങ്ങളായി വിഭജിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. നല്ലപാഠം പ്രവർത്തനങ്ങളുടെ തുടർച്ച സമൂഹത്തിലേക്ക് വ്യാപിക്കേണ്ടതുണ്ട്. സ്കൂൾ സ്ഥലപരിമിതികൾക്കിടയിലും, നൂതന കെട്ടിടത്തിന്റെ അഭാവത്തിലും. പൊതുജനപങ്കാളിത്തത്തോടെ, SSK. പഞ്ചായത്ത് പ്രതിനിധികൾ, പൂർവ അധ്യാപക വിദ്യാർത്ഥികൾ, വിദ്യാലയസ്നേഹിതർ, വിവിധ സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ വിഭവസമാഹരണം നടത്തി ഇത് പ്രാവർത്തികമാക്കാൻ എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് പൊതുജനസമക്ഷം ഇത് സമർപ്പിക്കട്ടെ . . . . .